പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1706 — 11.2.2013 ൽ മറുപടിയ്ക്ക്

## സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എളമരം കരീം | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) 2011-12 ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;<br><br>ബി) പദ്ധതി രൂപീകരിക്കുന്നതിനായി ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നത്; | എ) & ബി) | 17.3.12 ലെ ജി.ഒ (എം.എസ്) നം.55/2012/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലെ കാർഷിക മേഖലയിൽ ഒരു സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ പാനലിൽ ഉൾപ്പെട്ട ഒരു ഏജൻസിയെ നിയോഗിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ വിളകൾക്കുമായി ഒരു സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി കേന്ദ്ര സർക്കാർ അംഗീകരിച്ച കൺസൾട്ടൻസി ലിസ്റ്റിൽ ഉള്ളവരിൽ നിന്ന് ഒരു കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;<br><br>ഡി) പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പിലാക്കി തുടങ്ങും എന്നറിയിക്കാമോ ? | സി) & ഡി) | കൃഷി വകുപ്പ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ഇൻഷ്വറൻസ് പദ്ധതികളെ സമന്വയിപ്പിച്ചുകൊണ്ട് സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഈ പദ്ധതി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട കൺസൾട്ടൻസിയെ നിയോഗിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. പ്രസ്തുത ഏജൻസി തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ വിശദാംശങ്ങൾ ലഭ്യമാകുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ